## സ്കൂൾ മാഗസിൻ

# അപ്പൂപ്പൻതാടികൾ


**ഗവ.ഹയർസെക്കന്ററി സ്കൂൾ, ഏലൂർ**

പാതാളം എറണാകുളം -683501 , ഫോൺ:0484-2545440

യൂണിറ്റ് നമ്പർ.LK/201825014

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# Little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഹൈടെക് വിദ്യാലയങ്ങളിലെ
## കുട്ടികളുടെ
# ഐ.ടി കൂട്ടായ്മ

- വിവിധ പരിശീലനങ്ങൾ
- വിദഗ്ധരുടെ ക്ലാസുകൾ
- ഇൻഡസ്ട്രിയൽ വിസിറ്റുകൾ
- ക്യാമ്പുകൾ



- അനിമേഷൻ
- പ്രോഗ്രാമിങ്
- മൊബൈൽ ആപ്പ് നിർമ്മാണം
- ഗ്രാഫിക് ഡിസൈനിങ്
- മലയാളം കമ്പ്യൂട്ടിങ്
- ഹാർഡ്‌വെയർ
- ഇലക്ട്രോണിക്സ്
- റോബോട്ടിക്സ്
- സൈബർ സുരക്ഷ
- വെബ് ടി.വി

- മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ

യൂണിറ്റ് ആരംഭിക്കാൻ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫെബ്രുവരി 24 വരെ അപേക്ഷിക്കാം
തിരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികൾക്ക് അംഗത്വത്തിനായി ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ അപേക്ഷിക്കാം. കുട്ടികൾക്കുള്ള അഭിരുചി പരീക്ഷ മാർച്ച് 3ന് 10 മണിക്ക്

**ഇന്ത്യയിലെ കുട്ടികളുടെ
ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ**

വിശദവിവരങ്ങൾക്ക www.kite.kerala.gov.in സന്ദർശിക്കുക

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്),
പൂജപ്പുര, തിരുവനന്തപുരം 12, ഫോൺ: 0471 2529800, ഫാക്സ്: 2529810
contact@kite.kerala.gov.in

VICTERS
victers.itschool.gov.in




# ആമുഖം

## ഗവ. എച്ച് എസ് എസ് ഏലൂർ

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ഏലൂർ മുനിസിപാലിറ്റിയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1982-ൽ ഏലൂർ പഞ്ചായത്തന്റേയും ടി.സി.സി. T.C.C. FACT എന്നീ വ്യവസായ ശാലകളുടേയും സാഹയത്തോടെ വിദ്യാലയം ആരംഭിച്ചു. തുടക്കത്തിൽ എട്ടാം ക്ലാസ്സ് മാത്രമാണുണ്ടായിരുന്നത്. 1984-85ലായിരുന്നു ആദ്യ എസ്.എസ്.സി ബാച്ച്. ഇന്ന് 8,9,10 ക്ലാസ്സുകളിലായി 204 കുട്ടികൾ പഠിക്കുന്നു. അവരിലേറെയും തമിഴ്നാട് സ്വദേശികളായ, പാവപ്പെട്ട് തൊഴിവാളികളുടെ മക്കളാണ്. 2004-05 അദ്ധ്യയന വർഷം ഹയർ സെക്കന്ററി ആരംഭിച്ചു. സയൻസ്, കൊമോഴ്സ് വീഭാഗങ്ങളിലായി ഏകദേശം 243 കുട്ടികൾ പഠിക്കുന്നു. 2013-14 അധ്യയന വർഷം മുതൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. നിലവിൽ 6 ഡിവിഷനുകളാണ് ഹൈസ്കൂൾ വിഭാഗത്തിൽ പ്രവർത്തിക്കുന്നത്. ഏലൂർ മുനിസിപാലിറ്റിയിലെ ഏക സർക്കാർ ഹയർ സെക്കന്ററി വിദ്യാലയമായ ഈ സ്ഥാപനം, ഉദാരമതികളായ നാട്ടുകാരുടെ സഹായ സഹകരണത്തോടെ ഭംഗിയായി മുന്നോട്ടുപോകുന്നു..

ആശംസകൾ

little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

ഏലൂർ ഗവൺമെന്റ്
ഹൈസ്കൂളിലെ
ലിറ്റിൽകൈററ്സ്
അംഗങ്ങളുടെ
ഡിജിറ്റൽ മാഗസീന്
എല്ലാവിധ ആശംസകളും
നേരുന്നു...

**JAYAN M P**

DISTRICT CO ORDINATOR  IT@ SCHOOL
ERNAKULAM

# ആശംസകൾ

ഇന്നത്തെ
ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ
കഴിവുകൾ വികസിപ്പിക്കുന്നതിനും
നൂതനസാങ്കേതിക വിദ്യയുടെ അറിവുകൾ
വികസിപ്പിക്കുന്നതിനും
പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ
ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഡിജിറ്റൽ
മാഗസീന് എല്ലാവിധ ആശംസകളും
നേരുന്നു.

**സുചേത എം ആർ**
**ഹെഡ്മിസ്ട്രസ്**



little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

# ആശംസകൾ

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ
ഭാഗമായി സർക്കാർ വിദ്യാലയങ്ങൾ
ഹൈടെക്ക് ആയിക്കൊണ്ടിരിക്കുന്ന ഈ
ഘട്ടത്തിൽ ഏലൂർ ഗവൺമെന്റ് ഹൈസ്കൂളിൽ
ലിറ്റിൽകൈററ്സ് അംഗങ്ങളുടെ ഈ
ശ്രമത്തിന് എന്റെ എല്ലാവിധ ഭാവുകങ്ങളും
നേരുന്നു.

**സി പി ഉഷ**

**മുനിസിപ്പൽ ചെയർ പേഴ്സൺ**



# എഡിറ്റോറിയൽ ബോർഡ്

little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

അജിൽ മോൻ ടി എസ്
ആദിത്യ പി എസ്
തനൂജ ടാജ്
ലിസ്ബത്ത് റെയ്ച്ചൽ

## ചീഫ് എഡിററർ
## ശ്യാംകുമാർ എ എസ്

### ഡിസൈൻ
അഭിരാമി ഷാജി
ദേവിക രതീഷ്

# ക്ലബ്ബുകൾ

- ലിറ്റിൽകൈറ്റ്സ്
- ഗ്രന്ഥശാല
- എൻ.സി.സി
- സ്റ്റുഡന്റ് പോലീസ് കാഡറ്റ്
- സ്കൗട്ട് & ഗൈഡ്സ്
- ജൂനിയർ റെഡ് ക്രോസ്
- വിദ്യാരംഗം
- സോഷ്യൽ സയൻസ് ക്ലബ്ബ്
- സയൻസ് ക്ലബ്ബ്

- ഗണിത ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്
- ആർട്സ് ക്ലബ്ബ്
- സ്പോർട്സ് ക്ലബ്ബ്
- ടൂറിസം ക്ലബ്ബ്
- ആനിമൽ ക്ലബ്ബ്
- ഫിലിം ക്ലബ്ബ്
- മറ്റ് ക്ലബ്ബുകൾ





DEVIKA
RATHEESH




ABAY P.S
IX A

# എഡിറ്റോറിയൽ പേജ്

ലിറ്റിൽ കൈറ്റ്സ് പദ്ധതിപ്രകാരം,
വൈവിധ്യമാർന്ന
പ്രവർത്തനങ്ങളിലൂടെ കടന്നുപോവാനുള്ള
സുവർണ്ണാവസരം
ആണ് ലിറ്റിൽകൈറ്റ്സ്
ആയ ഞങ്ങൾക്കു ലഭിച്ചത്.
ഞങ്ങളിൽ ഒരു വലിയ മാറ്റമാണ്
ഇതുണ്ടാക്കിയത്.സാങ്കേതികരംഗത്തെ
വിവിധമേഖലകളിലെ
കുറച്ചു വിവരങ്ങൾ സ്വായത്തമാക്കാൻ
ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്.ഈ
പരിശീലനപരിപാടിയിൽ
നിന്നും ഞങ്ങൾ നേടിയ കഴിവാണ് ഈ
ഡിജിറ്റൽ മാസികയിലൂടെ നിങ്ങൾക്കുമുൻപിൽ
സമർപ്പിക്കുന്നത്.

**ആദരവോടെ**


**എഡിറ്റർ**

# കലാം മൊഴികൾ

ഒരു വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാനസ്വഭാവ സവിശേഷത ചോദ്യം ചോദിക്കാനുള്ള ആർജ്ജവമാണ്.വിദ്യാർത്ഥികൾ എപ്പോഴും ചോദ്യം ചോദിക്കണം

സ്വപ്നങ്ങൾ ഉറങ്ങുമ്പോൾ കാണുന്നവയല്ല.ഉറങ്ങാൻ അനുവദിക്കാത്തവയായയണ് സ്വപ്നങ്ങൾ.

മികവ് ആകസ്മികതയല്ല ,അതൊരു തുടർപ്രക്രിയ ആണ്.



സ്വപ്നം കാണുക.........

സ്വപ്നം കാണുക.......

സ്പ്നം കാണുക.......

സ്പ്നങ്ങൾ ചിന്തകളായി മാറും

ചിന്തകൾ പ്രവർത്തിയിലേക്കു നയിക്കും

വ്യത്യസ്തമായി ചിന്തിക്കാനുള്ള ധൈര്യം യുവാക്കൾ കാട്ടണം .ആരുംസഞ്ചരിച്ചിട്ടില്ലാത്ത വഴികളിലൂടെ സഞ്ചരിക്കാനും പുതിയ കണ്ടെത്തലുകൾ നടത്താനുള്ള ധൈര്യം അവർക്കുണ്ടാകണം

കഠിനാധ്വാനികളെ മാത്രമേ ദൈവം സഹായിക്കൂ....ഈ തതവം മറക്കരുത് ജനങ്ങൾക്കൊപ്പം നിൽക്കുകയാണ് എന്റെ ആഗ്രഹം. ഇൻഡ്യയുടെ സാമ്പത്തികവികസനവുംഅഭിവൃദ്ധിയുമാണ് എന്റെ ലക്ഷ്യം

ആൻസി

# Computer Generations


## First Generation

**The period of first generation**
**1942-1954**
**Vaccum tube based.**
**Vacuum tube technology**



# Second Generation

The period of second generation
1952-1964
Transistor based



# Third Generation

- The period of third generation 1964-1972 Integrated Circuit based.



# Fourth Generation

The periodof fourth generation

- 1972-1990

VLSI microprocessor based.




# Fifth Generation

**The period of fifth generation**

**1990 onwards**

**ULSI microprocessor based**




ഉയർത്തെഴുന്നേൽക്കും കേരളം
നാനാത്വ സാംസ്കാരിക മൂല്യം
നിലനിർത്തി; മതേതരത്വം
കാത്തുസൂക്ഷിച്ച്; മനുഷ്യനെ
മനുഷ്യനായി കാണുന്നവരുള്ള
ഈ നാടല്ലേ! അത് വികൃതമാക്കല്ലേ!!!
_MERLIN SKARIA_ STD. X. B.

# 2017-18
# NMMS പരീക്ഷാ വിജയികൾ



# മർത്ത്യജൻമം

നൂർ ഫാത്തിമ

പകലോൻ പിറക്കുന്ന പാരിനു മുൻപേ നടന്നു ഞാൻ
വിജനമാം വഴിയോരവീഥിയിൽ
പുലരിയിൽ പൊരുതാനൊരുങ്ങുന്ന മർത്ത്യൻ തൻ
കുടിലിലേക്കൊരു ചുവടുവെപ്പെന്ന പോൽ
ഉണങ്ങിക്കരിഞ്ഞുടൻ കൊഴിയുന്ന കരിയില പോൽ
കരയാതെ കരയുന്ന ജീവിതം എവിടെയും
വർഷം ഒലിപ്പിച്ച മണ്ണെന്ന മിത്രമേ പിരിയാനൊരുങ്ങുന്ന
മരമെന്ന സൗഹൃദം
വിരിയുന്ന പൂവിന്റെ ആഹ്ലാദമെങ്ങും പിറക്കുന്നു
മാരിവില്ലഴകുപോൽ എവിടെയുമെങ്കിലും
കൊഴിയുന്ന മലരിന്റെ വിരഹം പരക്കുന്നു
കുടലിന്റെ വിജനമാം വീഥിപോലെയെങ്ങും
ഇഴയുന്ന ജീവിയായ് പോലും നടക്കുവാൻ
കഴിയുന്നതേയില്ല
ഈ ജീവനാളുകൾ
കിഴവനായ് മാറുന്നതല്ലാതെ ഇക്കണ്ട നാളുകൾ-
കൊണ്ട് ഗുണമെന്ത് ചൊല്ലൂ
തെരുവിലൂടലയുന്ന നായയെക്കാളും കഠിനമാം
മർത്ത്യന്റെ പാരിലെ ജീവിതം
ത്രിസന്ധതിരിയാത്ത പാതിരാ നീളെ ഞാൻ
അലയുന്നു വഴിയോരവീഥികൾ തോറും

# തൃശ്ശൂർ പൂരം

കേരളത്തിലെ ഏറ്റവും വർണപകിട്ടുള്ള ക്ഷേത്രോത്ഥസവമാണ് തൃശ്ശൂർ പൂരം. മേടമാസത്തിലെ പൂരം നാളിൽ നടക്കുന്ന ഈ ഉത്ഥവം തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായ വടക്കുനാഥ ക്ഷേത്രാഗണത്തിലുള്ള തേക്കിൻ കാട് മൈതാനത്തിലാണ് നടക്കുന്നത്. ഇന്നത്തെ രീതിയിൽ പൂരം വിപുലമായി ആഘോഷിക്കുന്നതിന് മുൻകൈയെടുത്ത് കൊച്ചിരാജാവായിരുന്ന ശക്തൻ തമ്പുരാനാണ്.

പൂരം നാളിൽ രാവിലെ തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രത്തിൽ മുഴങ്ങുന്ന കതിനയോടേ പൂരചടങ്ങുകൾ ആരംഭിക്കുകയായി പതിനഞ്ചാനകൾ തിരുവമ്പാടി ക്ഷേത്രത്തിന് പ്രതിക്ഷിണം വച്ച ഘോഷയാത്രയായി വടക്കുനാഥ ക്ഷേത്രത്തിനുള്ളിൽക്കൂടി ക്ഷേത്രത്തിന്റേ ഒരുവശത്തായി അണിനിരക്കുന്നു. പ്രധാന ആനയുടെ പുറത്ത് ശ്രീകൃഷ്ണരൂപം കൊത്തുതിടമ്പും കാണും.അതേസമയം പതിഞ്ചാനകൾ അടങ്ങിയ മറ്റൊരുസംഗം പാറമേതാവ് ക്ഷേത്രത്തിൽ തിരിച്ച് മൈതാനത്തിന്റേ എതിർദശയിൽ ആദ്യസംഗത്തിന് അഭിമുഖമായി അണിനിരക്കുന്നു. ഈ സംഗത്തെ നയിക്കുന്ന ആനയുടെ പുറത്ത് ദേവിയുടെ വിഗ്രഹം അടങ്ങിയ തിടമ്പും ഉണ്ടായിരിക്കും.

**ഷേർന മരിയ**

# ഒളിമ്പിക്സിന്റെ പുരാവൃത്തം

പ്രാചീന ഗ്രീസ് കായികവിനോദത്തിനു
നൽകിയമഹത്തായ സംഭാവനയാണ് ഒളിമ്പിക്സ്. ഈ
കായികമേളയുമായുടെ ഉൽഭവവുമായി ബന്ധപ്പെട്ട
നിരവധി കഥകൾ പ്രചാരത്തിലുണ്ട്. പലതും പരസ്പരം
ബന്ധപ്പെട്ടിരിക്കുന്നു.
പ്രാചീന ഒളിമ്പിക്സ് അരങ്ങേറിയവർഷത്തേയും
അതിനിടയാക്കിയ സംഭവത്തെയും കുറിച്ച്
ചരിത്രകാരൻമാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്
.പിലാപ്പോസ് ആണ് ക്രിസ്തുവിന് 1370 വർഷങ്ങൾക്കു
മുൻപ്ഒളിമ്പിക്സ് എന്ന ആശയവുമായി ആദ്യം
രംഗത്തെത്തിയതെന്ന് ഒരു കൂട്ടരും.
പുരാവസ്തുഗവേഷകരുടെ പിന്തുണയും ഇക്കൂട്ടർക്കുണ്ട്.
ശക്തിയുടെ പ്രതീകമായ ഗ്രീക്കുദേവൻ
ഹെർക്കുലീസാണെന്ന് വേറൊരു കൂട്ടരും വാദിക്കുന്നു

**മനേക് ചന്ദ്**

# സ്വയം മതിപ്പുണ്ടാക്കുക

എന്നെക്കൊണ്ട് യാതൊന്നിനും

കൊള്ളില്ല എന്ന്

ആവർത്തിച്ച് പറഞ്ഞ് സ്വയം വിശ്വസിക്കുകയും

വിലയിരുത്തുകയും ചെയ്യുന്ന

ഒരാൾക്ക് എങ്ങനെ

ആത്മവിശ്വാസം നേടിയെടുക്കാനാകും ?

നമ്മുടെ കഴിവുകളെക്കുറിച്ചുള്ള അറിവാണ്

ആത്മവിശ്വാസത്തിന്റെ അടിസ്ഥാനഘടകം .

നമ്മിലുള്ള കഴിവിനേയും ശക്തികളേയും

കണ്ടെത്താനും വിലയിരുത്താനുമായില്ലെങ്കിൽ


നമ്മളെക്കുറിച്ച് അറിവ് ഉണ്ടാവുകയില്ല .

ഈ മതിപ്പിന് ആനുപാതികമാണ് സ്വയം


മതിപ്പുള്ള ഏതൊരാൾക്കും മുന്നിൽ അന്തസോടെ തല

ഉയർത്തിനിൽക്കാം.

ശ്യാം



SANJAY



little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

# സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകർ.

| | |
|---|---|
| 1982 - 85 | കെ.സോമരാജകൈമൾ |
| 1985- 87 | കെ.ഇന്ദിര |
| 1987 - 88 | പി.എസ് പത്മിനി |
| 1988 - 92 | ടി.എൻ കെച്ചുണ്ണി |
| 1992 - 94 | കെ.കെ.രാധ |
| 1994-95 | കെ.കെ അമ്മിണിക്കുട്ടി |
| 1995-96 | ലില്ലി മാത്യു |
| 1996-97 | തങ്കമ്മ.എം.ജി |
| 1997-98 | ഗ്രെയ്സ് ജേർജ്ജ് |
| 1998-2001 | കെ.സി.സൂസൻ |
| 2001-2002 | കെ.വി.രാധ |
| 2002-2003 | മനോരമ |
| 2003-2005 | ഏലിയാമ്മ അബ്രാഹം |
| 2005-2006 | വിജയലക്ഷ്മി |
| 2006-2007 | ജെയ്സി ജോയ് |
| 2007-2010 | പി.ജി.മേരി |
| 2011-2014 | പി.കെ.നസിം |
| 2014-2015 | അബൂബെക്കർ.പി.എസ് |

# വാക്കുകൾ സർഗതാളങ്ങൾ

ആ പ്രായത്തിലാണ്,
എന്നെത്തേടി
കവിത വന്നണഞ്ഞത്.
എനിക്കറിയില്ല,
എവിടെ നിന്നാണ് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ
എങ്ങനെയാ, ണെപ്പോളാണെന്നും
എനിക്കറിയില്ല...........

-പാബ്ലോനെരുദ

# ആത്മവിശ്വാസത്തോടെ

# ചിന്തിക്കുക

ചിന്തകൾ ആത്മവിശ്വാസത്തെ വളരെ സ്വാധീനിക്കുന്നു . ചിന്തകൾ രണ്ടുതരമുണ്ട് മോശം ചിന്തകളും നല്ല ചിന്തകളും. മോശം ചിന്തകൾ മനസ്സിൽ നെഗറ്റീവ് എനർജി നിറയ്ക്കുമ്പോൾ നല്ല ചിന്തകൾ നിറയ്ക്കുന്നത് പോസിറ്റീവ് എനർജിയാണ്, നെഗറ്റീവ് എനർജി പകരുന്ന മോശം ചിന്തകൾ ആത്മവിശ്വാസത്തെ കെടുത്തിക്കളയുന്നതിൽ മുഖ്യപങ്കുവഹിക്കുന്നുണ്ട് സദാ നെഗറ്റീവ് ചിന്തകൾ മനസ്സിൽ സൂക്ഷിക്കുന്ന ഒരു വ്യക്തിക്ക് ഒരിക്കലും ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകാൻ കഴിയില്ല. ഈ നെഗറ്റീവ് ചിന്ത അയാളെ പിന്നിലേക്ക് സദാ വലിച്ചടിപ്പിച്ചു കൊണ്ടിരിക്കും

# ക്വിസ്

1.ചന്ദ്രനിലേക്ക് ഇൻഡ്യ അയച്ച ബഹിരാകാശപേടകം?

2.സിൽവർ റെവല്യൂഷൻ ഏതുമായി ബന്ധപ്പെട്ടതാണ്?

3.ഐ എസ് ആർ ഒ രൂപീകരിച്ച വർഷം?

4.പിൻകോഡിലെ PIN-ന്റെ പൂർണ്ണരൂപം?

5.പാലിൽ അടങ്ങിയിരിക്കുന്ന ആസിഡ്?

6.ലോകത്തിന്റെ ശ്വാസകോശം എന്നറിയപ്പെടുന്നത്?

7.ഭാവിയുടെ ലോഹം എന്നറിയപ്പെടുന്നത്?

8.ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം?

9.ഏറ്റവും വേഗത്തിൽ ഭ്രമണം ചെയ്യുന്ന ഗ്രഹം?

10.രക്തം കട്ട പിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ

## ഉത്തരം

1ചന്ദ്രയാൻ

2.മുട്ട ഉൽപാദനം

3.1969

4.പോസ്റ്റൽ ഇൻഡക്സ് നമ്പർ

5.ലാക്റ്റിക് ആസിഡ്

6.ആമസോൺ മഴക്കാടുകൾ 7.ടൈറ്റാനിയം

8.കേരളം9.ബുധൻ10.വിറ്റാമിൻ കെ

അജിൽ , ശ്യാം

# മഹാത്മാ ഗാന്ധി

ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്ന ഇന്ത്യയിലെ രാഷ്ട്ര പിതാവ് എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. മഹാത്മായ ആത്മാവ് എന്നർത്ഥം വരുന്ന ബാപ്പു എന്നി നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിദ്ധ്യം വ്യക്തമാക്കുന്ന ു.കേവലമൊരു രാഷ്ട്രീയനേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു ഏറ്റവും കഠിമായ പ്രതിസന്ധിഘട്ടങ്ങളിലും സൂത്രം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജിവിത ചര്യയാക്കിമാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു .ജിവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവതത്ത്വശാസ്ത്രങ്ങളുടെ പ്രയോക്താവായിരുന്നു. എല്ലാ വിധത്തിലുംസ്വാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജിവിതം നയിക്കാൻ ആഗ്രഹിച്ചു.

**പ്രകാശ് എം**

# നിലാവ്

ബി.എം.സുഹറയുടെ നിലാവ് എന്ന നോവൽ മുസ് ലിം വിഭാഗക്കാരുടെ രീതിയിലുള്ള ഒരു കൃതിയാണ്. വളരെ രസകരമായ ഒരു നോവലാണ് നിലാവ്. വായനക്കാരിൽ മടുപ്പ് വരാത്തവിധമാണ് സുഹറ നിലാവ് രചിച്ചിരിക്കുന്നത്. നെച്ചി എന്ന നസീമയാണ് കഥയിലെ പ്രധാന കഥാപത്രം. കളിച്ചും ചിരിച്ചും കുട്ടിത്തം വിട്ടുമാറാത്ത പ്രയാത്തിൽ തന്നെ നസീമയുടെ വിവാഹം കഴിഞ്ഞു. ഗ്രാമത്തിലെ കായലും കടലോരവും തെങ്ങും കവുങ്ങുമെല്ലാം സ്നേഹിച്ച കഴിഞ്ഞ അവൾ നഗരത്തിലെത്തിയിട്ടും അവയൊന്നും മറന്നില്ല. ഭർത്താവിന്റെ വീട്ടിൽ കാര്യമായ ജോലിയൊന്നും ഇല്ലായിരുന്ന നസീമ യ്ക്ക്. ഭർത്താവ് ജോലിക്ക് പോയാൽ രാവിലെ ടി. വിയുടെ മുന്നിൽ കയറും രാത്രിയായാൽ അവൾ അവളുടെ നിറമുള്ള സ്വപ് നങ്ങൾ കാണും അതിൽ നിറയെ അവളുടെ ഗ്രാമത്തിലെ ഭംഗിയെറിയ കാഴചകളയിരാക്കും. കാലമെറെ കഴിഞ്ഞിട്ടും നസീമയുടെ കുട്ടാത്തം മാറിയില്ല. ആരുമില്ലാത്ത സമയങ്ങളിൽ അവൾ ആ പഴയ നെച്ചിയായി മാറും. അങ്ങനെ ഒരു ദിവസം അവൾ അവളുടെ വിവാഹത്തെ പറ്റി സ്വപ് നം കണുക്കയായിരുന്ന അതിലൂടെയാണ് കഥ പോക്കുന്നത് . ഭർത്താവ് വന്ന് എഴുന്നെൽപ്പിക്കുമ്പോഴാണ് അവൾ സ്വപ്നലോകത്തിൽ നിന്ന് എഴുന്നേൽക്കുന്നത്. നോവലിലെ മറ്റു കഥാപാത്രങ്ങൾ അസ്സൻ,ആയിഷ,വല്യൂപ്പ എന്നിങ്ങനെ. നോവലിൽ തികച്ചും മലബാർക്കാരുടെ ഭാഷ ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നു.

ഫിദ ഫാത്തിമ

കലണ്ടർ കഥ പറയുന്നു

സാജൻ എവുജിൻ

## വായനാക്കുറിപ്പ്

ജീവിതഗതി നിയന്ത്രിക്കുന്നത് തന്നെ കലണ്ടറാണ്.കലണ്ടർ ഇല്ലാത്ത ജീവിതത്തെ ക്കുറിച്ച് സങ്കല്പിക്കാൻ പോലും കഴിയില്ല.ഓരോ വർഷവും നാം കലണ്ടർ മാറ്റാറുണ്ട്.

ജീവിതത്തെ ഏറ്റവുമധികം സ്വാധീനിക്കുന്നത് സൂര്യനാണ്. മലയാളികൾ കലണ്ടറിന്റെ കാര്യത്തിൽ കേമൻമാരാണ്.മാനവസംസ്കാരത്തിന്റെ കളിത്തൊട്ടിലിലായിരുന്നു കലണ്ടറിന്റെ പിറവി.

എനിക്ക് ഈപുസ്തകം വായിച്ചതോടെ കലണ്ടറിനെ ക്കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞു.മനുഷ്യനോടൊപ്പം കാലവും കലണ്ടറുംസദാ മാറിക്കൊണ്ടിരിക്കുന്നു.കലണ്ടറിന്റെ ഈകഥ രസകരമാണ്.കുട്ടികൾക്ക് ഗ്രഹിക്കാവുന്ന രീതിയിൽ കലമണണ്ടറിന്റെ ചിത്രം ഈപുസ്തകത്തിൽ വിശദീകരിക്കുന്നു.

നിരഞ്ജന

# ഗുരുവും ശിഷ്യനും

ഒരാൾ സംഗീതം പഠിക്കാനായി ഒരു ഗുരുവിനെ സമീപിച്ചു.ഗുരു പഠിപ്പിക്കാൻ തുടങ്ങി. എന്നാൽ ഒരു കാര്യം തന്നെയാണ് ഗുരു എപ്പോഴും പഠിപ്പിക്കുന്നത്.ശിഷ്യന് മടുപ്പായി.പുതിയതു പഠിക്കാനുള്ള ആഗ്രഹം അയാൾ പലവിധേന സൂചിപ്പിച്ചു.പക്ഷേ ഗുരു അതൊന്നും കണ്ട ഭാവമേ നടിച്ചില്ല.മനം മടുത്ത ശിഷ്യൻ ഒരു രാത്രി ആരോടും പറയാതെ ആശ്രമം വിട്ടു.പിറേറ ദിവസം അയാൾ അടുത്ത ഗ്രാമത്തിലെത്തി.അന്നവിടെ ഒരു ഗംഭീരചടങ്ങുണ്ടായിരുന്നു.വിശിഷ്ടാതിഥികൾ പങ്കെടുക്കുന്ന ചടങ്ങ്ആയിരുന്നു.പക്ഷെ സമയമായിട്ടും പാടാൻ ആളെ കിട്ടിയില്ല.സംഘാടകർ അങ്കലാപ്പിലായി.വിവരമറിഞ്ഞ ശിഷ്യൻ തനിക്കറിയാവുന്ന പാട്ടുപാടി സഹായിക്കാമെന്നേററു.താൻ മാസങ്ങളായി പഠിച്ച അതേ പാട്ട് പാടാൻ തുടങ്ങി.സദസ്സ് ആനന്ദത്താൽ മതിമറന്നു.പാടിത്തീർന്നപ്പോൾ മുഖ്യാതിഥി അങ്ങയുടെ ഗുരു ആരായാലും മഹാൻ തന്നെ എന്നഭിപ്രായപ്പെട്ടു.ആ വാക്കുകൾ ശിഷ്യന്റെ മനസ്സിൽ പതിഞ്ഞു.അദ്ദേഹം ഗുരുവിനടുത്തെത്തി മാപ്പു പറഞ്ഞു.

ഉത്തമഗുരുവിന്റെ പ്രവർത്തനങ്ങളെ സംശയത്തോടെ വീക്ഷിക്കുകപോലുമരുത്.അദ്ദേഹത്തിന് ശിഷ്യന്റെ ഉന്നമനം മാത്രമേ ലക്ഷ്യമുള്ളൂ.ഒരു പക്ഷേ അതിനു സ്വീകരിക്കുന്ന മാർഗ്ഗം അൽപ്പം കഠിനമായിരിക്കുന്നു എന്ന് മാത്രം.

**ടോണി സാം**

# തേൻ

മധുരദ്രവ്യങ്ങളിൽ ഒന്നാമൻ.ശുദ്ധമായ തേൻ സ്വർണ്ണവർണ്ണത്തിൽ ഉള്ളതുംപളുങ്കുപോലെ തിളങ്ങുന്നതുമായിരിക്കും.

ആധുനികചികിൽസയുടെ പിതാവായ ഹിപ്പോക്രാററസിനോട് തന്റെ ദീർഘായുസ്സിന്റെ കാരണം എന്തെന്ന്ശിഷ്യരിൽ ഒരാൾ ആരാഞ്ഞപ്പോൾ തേൻ കുടിക്കലും തേച്ചുകുളിയുമാണെന്ന് പറഞ്ഞുവത്രേ.

ഓരോ വർഷവുംവിവിധ ഋതുക്കളിൽ ശേഖരിക്കുന്ന തേനിന് പ്രത്യേക ഗുണമുണ്ടെന്ന് പറയപ്പെടുന്നു.ചെറുനാരകത്തിന്റെ തേനിന് ആണത്രേ ഏററവും കൂടുതൽ ഫലസിദ്ധി.ഓറഞ്ചും കാപ്പിയും പുഷ്പ്പിക്കുന്ന കാലം വയനാട്ടിലും കുടകിലും ശേഖരിക്കുന്ന തേനിന് ഫലസിദ്ധി അത്ഭുതാവഹമാണ്.

വളർന്നുവരുന്ന കുട്ടികളക്ക് പാലിൽ തേൻ ചേർത്ത്കൊടുക്കുന്നത് വളരെ നല്ലതാണ്.ഇതുകൊണ്ട് വളർച്ചയും രോഗപ്രതിരോധശേഷിയും ലഭിക്കുന്നു.

വൃദ്ധൻമാർക്ക് ശരീരത്തിൽ ഊർജ്ജസ്വലത കുറയുന്ന കാലത്ത് തേൻ കഴിച്ചാൽ ഒരു നവോൻമേഷം ലഭിക്കും.

മുഖത്ത് തേൻ പുരട്ടി കുറെ നേരം കഴിഞ്ഞു കഴുകി കളഞ്ഞാൽ ചർമ്മസൗന്ദര്യം വർദ്ധിക്കുന്നതാണ്.കിടക്കുന്നതിനു മുൻപ് ഒരു ഗ്ലാസ് തണുത്ത വെള്ളത്തിൽ രണ്ടുസ്പൂൺ തേൻ ചേർത്ത് കുടിച്ചാൽസുഖകരമായ നിദ്ര ലഭിക്കുന്നതാണ്.

കായികാഭ്യാസികളും കളിക്കാരും ദിവസവും തേൻ കഴിക്കുന്നത് ക്ഷീണബാധ ഇല്ലാതെ ഇരിക്കുന്നതിനും വേഗത്തിൽ കിതപ്പ് വരാതെ ഇരിക്കുന്നതിനും കാലിൽ ഞരമ്പ് വലിയാതെ ഇരിക്കുന്നതിനും ഉപകരിക്കും

തനൂജ

# പ്രസംഗഭാഷ

മനുഷ്യന്റെ മഹാസിദ്ധിയാണ് ഭാഷ.മനോഹരവും ശക്തവുമായവലിയ

ആയുധം വേറെ എന്തുണ്ട്.ഏറ്റവും നല്ല ആശയവിനിമയ മാർഗ്ഗമാണ്ഭാഷ.

എന്നാൽ ഭാഷ തന്നെ സന്ദർഭത്തിനനുസരിച്ച് രൂപം മാറുന്നുമുണ്ട്.സംസാരഭാഷയും

തമ്മിൽ വ്യത്യാസമുണ്ട്.

രണ്ടിലും ഉപയോഗിക്കുന്ന വാക്കുകൾ ഒന്നാകാം.

എന്നാൽ അവ ചേർത്ത് വ്യത്യാസങ്ങളായ ആശയവിനിമയം

ഉണ്ടാകുമെന്നർത്ഥം

വിദ്യാർത്ഥികൾക്ക് ഏറ്റവും

പരിചിതമായ രൂപമാണ് സാഹിത്യഭാഷ.

ലേഖനങ്ങൾഉപന്യാസങ്ങൾ,കഥകൾ,കവിതകൾ

തുടങ്ങിയവയാണ് പരിചിതങ്ങളായ സാഹിത്യരൂപങ്ങൾ.

അവയിലുപയോഗിക്കുന്നത് എഴുത്തുഭാഷയാണ്.എന്നാൽ

പ്രസംഗിക്കാനുപയോഗിക്കുന്നതോ സംസാരഭാഷയാണ്.വായ്മൊഴി.വെറും

സംസാരഭാഷയല്ലപ്രഭാഷണഭാഷയെന്നു നേരത്തേ പറഞ്ഞത്.

കേൾക്കുമ്പോൾ തന്നെ മനസിലാകുന്ന അത്ര ലളിതമാക്കണം.

അതിന് ഭംഗിയുണ്ടാവണം.താളമുണ്ടാകണം.

ചെറിയ വാചകങ്ങളാകണം കൂടുതൽ.

കുട്ടികൾ പ്രസംഗിക്കുമ്പോൾ അത്തരം നീണ്ട വാചകങ്ങൾ
ഉപയോഗിക്കാതിപിക്കുന്നതാണ് നല്ലത്

ആദിത്യ

# ചിങ്ങപ്പുലരി

ചിങ്ങപ്പുലരി പുതുപ്പുലരി
ചിത്തിരപൂപോൽ ചിരിവിടർത്തി
ചന്തത്തിൽ തുമഞ്ഞിൻ ചാർത്തണിഞ്ഞ്
തലയാട്ടും താഴ്വരത്തോപ്പുകളും
പവിഴക്കതിർക്കുല ച്ചാർത്തണിഞ്ഞ്
കുണുങ്ങിക്കുണുങ്ങും നെൽപ്പാടങ്ങളും
പുത്തനാം മാരുതനൊന്നുവന്ന്
പൂമൊട്ടിൽ മന്ദംപുണർന്നീടവേ
പുളകങ്ങൾ പൂത്തുവിടർന്നുപോയി
പൂമണമെങ്ങുമേ തൂവിപ്പോയി
പൂവാലൻതുമ്പിയും കൂട്ടുകാരും
പച്ചിലക്കാടും കടന്നുവന്നു
മധുവൂറും പൂവിന്റെ കാതിലെന്തോ
മധുരമായ് മെല്ലെ മൊഴിഞ്ഞിടുന്നു
പരശ്ശതം സസ്യമൊരുമയോടെ
മേളിപ്പു അവികലശാന്തിയോടെ

മജീദ് വി പി

www.DesktopBackground.com

# നാട്ടറിവുകൾ

പാവൽ നടുന്ന കുഴിയിൽ വേപ്പിലയിട്ടാൽ
നാടവിരകളുടെ
ഉപദ്രവം തടയാം.
വേപ്പില അരച്ചു കലക്കി തളിച്ചാൽ
ഇഞ്ചിയുടെ കുമ്പുചീയൽ മാറും
വാഴക്കു രോഗം വരാതിരിക്കാൻ വേപ്പിലയും
കാഞ്ഞിരത്തിന്റെ ഇലയും ചുവട്ടിൽ
കുഴിച്ചിട്ടാൽ മതി.

# മലയാളത്തിന്റെ സുവർണ്ണകഥകൾ

## ഒരു വായനാക്കുറിപ്പ്

# പുനത്തിൽ കുഞ്ഞബ്ദുള്ള

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ "മലയാളത്തിന്റെ സുവർണ്ണകഥകൾ" എന്ന പുസ്തകമാണ് ഞാൻ വായിച്ചത്.
ദൈനംദിനജീവിതത്തിൽ നടക്കുന്ന ഓരോ സംഭവങ്ങളെ വ്യത്യസ്തതയാർന്ന രചനകളാക്കി എഴുതിയിരിക്കുന്നു.പട്ടിണിയായ അയൽവാസി,കിടപ്പിലായ വൃദ്ധൻ,ചെറുപ്പകുത്തികൾ നേരിടുന്ന ആക്ഷേപം എന്നിങ്ങനെ നാം താൽപര്യം ചെലുത്താത്ത വിഷയങ്ങളിലേക്ക് ആഴ്ന്നിറങ്ങി എല്ലാത്തിനേയും മുൾമുനയിൽ കൊണ്ടുനിർത്തി നമ്മെ ബോധവാൻമാരാക്കാൻ അദ്ദേഹം കണ്ടെത്തിയ മാർഗ്ഗമാണ് ഈ പുസ്തകം.ഒറ്റവാക്കിൽ ഒരു കടലൊതുക്കിവെക്കുന്ന ഇദ്ദേഹം ബഷീർ സാഹിത്യങ്ങളെ വളരെഇഷ്ടപ്പെട്ടിരുന്നു..ജനനമരണങ്ങൾരോഗങ്ങൾസുഖദു:ഖങ്ങൾ .ഇങ്ങിനെ ഒട്ടേറെ കണ്ട ഒരു എഴുത്തുകാരൻ എന്ന നിലയിൽ ഒരു കെട്ടുകഥകളുടെ താക്കോൽ അദ്ദേഹത്തിന്റ കയ്യിൽ ഭദ്രമാണ്.

നൂർഫാത്തിമ

# കണക്കിലെ കളികൾ

1. എട്ട് തവണ എട്ട് എഴുതി 1000 ആക്കാമോ?

2. ആറ് തവണ ഒൻപത് എഴുതി നൂറ് ആക്കാമോ?

3. ഒന്നിനും നൂറിനുംഇടയ്ക്കുള്ള എണ്ണൽസംഖ്യാശ്രേണിയിൽ എത്ര ഒൻപത് ഉണ്ട്?

4. 1നും 100നും ഇടയിൽ എത്ര ഒന്ന് ഉണ്ട്?

അർച്ചന വി എസ്

www.DesktopBackground.com

# എന്റെ അച്ഛൻ

എനിക്കെന്നും എന്റെ അച്ഛൻ
ഒരത്ഭുതമായിരുന്നു.എത്ര താൽപര്യത്തോടെ
ആണ് ഓരോരുത്തരുടെയും കാര്യങ്ങളിൽ
ഇടപെടുന്നത്.അദ്ദേഹത്തിന്റെ മൃദുസമീപനവും
വിനയവും സമൂഹത്തിൽ ഏറെ
ശ്രദ്ധിക്കപ്പെട്ടിരുന്നു.വളരെ തന്ത്രപരമായാണ്
മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട്
പരിഹരിച്ചിരുന്നത്.എനിക്ക് അദ്ദേഹം
സ്നേഹിതനെ പോലെ ആണ്.എന്റെ ഓരോ
കാര്യങ്ങളിലും ഉപദേശങ്ങളും നിർദ്ദേശങ്ങളും
തന്ന് എന്നെ പ്രോത്സാഹിപ്പിക്കുന്നു.എത്ര
തിരക്കുണ്ടെങ്കിലും എന്റെ ഓരോ
ചെറിയകാര്യങ്ങളിലും സഹായിക്കു
ം.അസഹിഷ്ണുത അദ്ദേഹത്തിന്റെ
നിഘണ്ടുവിൽ ഇല്ല.ഞാനദ്ദേഹത്തെ ഏറെ
സ്നേഹിക്കുന്നു,ബഹുമാനിക്കുന്നു.

**ആദിൽ ബഷീർ**

# ഡോ.എ.പി.ജെ.അബ്ദുൾ കലാം

## ജീവിതരേഖ

1931: ഒക്ടോബർ 15 ന് തമിഴ് നാട്ടിലെ രാമേശ്വരത്തുള്ള രാമനാഥപുരത്ത് ജനനം. സാധാരണക്കാരായ ജൈനുലാബ്ദീന്റേയും ജെ.അബ്ദുൾ കലാംആഷിയാമ്മയുടേയും മകനായി ജനിച്ച കലാം രാമനാഥപുരം ഷ്വാർട്സ് മെട്രിക്കുലേഷൻ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി.

# മുല്ല

മുറ്റത്തുണ്ടൊരു കൊച്ചുമുല്ല
ചേച്ചി നട്ട കൊച്ചുമുല്ല
അമ്മ നനയ്ക്കും കൊച്ചുമുല്ല
അനിയത്തി വളർത്തും കൊച്ചുമുല്ല
ചേട്ടൻ നോക്കും കൊച്ചുമുല്ല
നമ്മുടെ വീട്ടിലെ കൊച്ട്ടുമുല്ല

മജീദ്

# രണ്ടു സവാരികൾ

കണ്ടോ കണ്ടോ പെരുവഴിയിൽ
രണ്ടു സവാരിക്കാരുണ്ടോ
ബെല്ലുമടിച്ച് ബ്രേക്കുപിടിച്ച്
മെല്ലെ വരുന്നവനാരാണ്?
മല്ലൻമാരുടെ നേതാവാകും
മല്ലൻകരടിച്ചാരാണേ
ബെല്ലില്ലാതെ ബ്രേക്കില്ലാതെ
പാഞ്ഞുവരുന്നവനാരാണ്?
മണ്ടൻമാരുടെ നേതാവാകും
മണ്ടുക്കഴുതച്ചാരാണേ

# കലകളുടെ നാട്

## കഥകളി

കേരളത്തിന്റെ അഭിമാനമായ കലാരൂപമാണ് കഥകള
ി.ലോകത്തെങ്ങും പുകൾപെററ ഈകലാരൂപം എ. ഡി 1630-40
കാലത്താണ് രൂപം കൊണ്ടതെന്ന് ഗവേഷകർ പറയുന്ന
ു.അഭിനയത്തിനും നൃത്തത്തിനും സംഗീതത്തിനുമെല്ലാം
പ്രാധാന്യമുള്ള കഥകളിയിൽ രാമായണത്തിലെയും
മഹാഭാരതത്തിലെയും കഥകളാണ് അവതരിപ്പിക്കാറുള്ളത
്.അടുത്തകാലത്തായി ചില സാമൂഹ്യകഥകളും കിങ്‌ലിയർ പോലുള്ള
ഇംഗ്ളീഷ്കഥകളും കഥകളിക്ക് വിഷയമായിട്ടുണ്ട
്.കൊട്ടാരക്കെട്ടുകളിലും ക്ഷേത്രങ്ങളിലും ഒതിങ്ങിനിന്നിരുന്ന
കഥകളിക്ക് ഇപ്പോൾ എല്ലാ വിഭാഗങ്ങളിലുംആസ്വാദകരുണ്ട
്.രാമനാട്ടത്തിന്റെ പരിഷ്കരിച്ച രൂപമാണ് കഥകളിയെന്ന്
പറയപ്പെടുന്നു. കോഴിക്കോട് സാമൂതിരി കൃഷ്നാട്ടസംഘത്തെ
ദക്ഷിണകേരളത്തിലേക്ക് അയച്ചു കൊടുക്കുവാൻ
വിസമ്മതിച്ചതിനാൽ വാശി തോന്നിയ
കൊട്ടാരക്കരത്തമ്പുരാൻനിർമ്മിച്ച് അവതരിപ്പിച്ച കലാരൂപമാണ്
രാമനാട്ടം എന്നൊരു കഥയുയണ്ട്.ഈ രാമനാട്ടമാണ് പിന്നീട്
കഥകളിയായി മാറിയത്.

# പ്രിയസ്നേഹിതൻ

പ്രിയരെല്ലാം അകലും നേരം
പ്രിയനായ് നീ മാത്രം
പ്രിയസ്നേഹിതരായെല്ലാരും
പ്രീതിയില്ലാതകലുമ്പോൾ
യേശുവേ നിൻ അഗാധസ്നേഹമീ
പ്രിയരിൽ ഞാൻ കണ്ടില്ല
ദുഖസാഗരതീരത്ത് ഞാൻ കാണുന്നു
നിൻ രൂപം
ഞാൻ നൽകും സ്നേഹം കുഞ്ഞേ
ഒരു നാൾ നീ കണ്ടില്ല
എന്നാളും നിന്നുടെ പേർ ഞാൻ
ഹൃദയത്തിൽ സൂക്ഷിച്ചു

നന്ദന ബോസ്

# സ്വാതന്ത്ര്യസമരക്വിസ്

1.ജയ്ഹിന്ദ് എന്ന മുദ്രാവാക്യം ആദ്യമായി വിളിച്ചത് ആര്?

സുഭാഷ് ചന്ദ്രബോസ്

2.മുബൈ നാവികകലാപം നടന്ന വർഷം ഏത്?

1946

3.ഒന്നാം സ്വാതന്ത്ര്യസമരം നടന്ന വർഷം ഏത്?

1857

4.കേരളഗാന്ധി എന്ന പേരിൽ അറിയപ്പെടുന്നത് ആര്?

കെ.കേളപ്പൻ

5.മഹാത്മാഗാന്ധി വധിക്കപ്പെട്ട വർഷം?

1948

6.ഇൻഡ്യ സ്വതന്ത്രമായത്?

1947 ആഗസ്റ്റ് 15

7.സ്വാതന്ത്ര്യസമരചരിത്രത്തിൽ 1930 നുള്ള പ്രാധാന്യം എന്ത്?

ഉപ്പുസത്യാഗ്രഹം

8.ഇൻഡ്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ?

ജവഹർ ലാൽ നെഹ്റു

9.ബ്രഹ്മസമാജസ്ഥാപകൻ ?

രാജാറാം മോഹൻറോയ്

10.ദേശീയഗാനത്തിന്റെ രചയിതാവ്?

രവീന്ദ്രനാഥടാഗോർ

11.ഇൻഡ്യയുടെ വാനമ്പാടി?

സരോജിനിനായിഡു

ഫാത്തിമ മൻസീന

# നാരങ്ങാവെള്ളം

ഇളം ചൂട് വെള്ളത്തിൽ നാരങ്ങ പിഴിഞ്ഞുകുടിക്കുന്നത്
ആരോഗ്യകരമാണ്.നാരങ്ങയിൽ
സിട്രിക്ആസിഡ്ഉണ്ടെങ്കിലും അതിലുള്ളധാതുക്കളും മറ്റും
ക്ഷാരസ്വഭാവമുള്ളതാണ്.വെറും വയറ്റിൽ നാരങ്ങാവെള്ളം
കുടിക്കുന്നത് കരളിനെ ശുദ്ധീകരിക്കും.കുടലിലെ
മാലിന്യങ്ങളെ കഴുകി വെടിപ്പാക്കി ,ദഹനവ്യവസ്ഥയെ
ഉത്തേജിപ്പിക്കും.ഇതിലെ വൈറ്റമിൻ സി ശരീരത്തിന്
രോഗങ്ങളെ പ്രതിരോധിക്കാനുള്ള കരുത്ത് നൽകുന്നുണ്ട
്.ജലദോഷം,അലർജി പ്രശ്നങ്ങളുള്ളവർക്കു
ഗുണകരമാണ്.നാരങ്ങയിലെ പൊട്ടാസ്യം തലച്ചോറിന്റെയും
നാഡീവ്യൂഹത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തും.ചർമ്മം
തെളിമയുള്ളതാക്കും.ശരീരഭാരം കുറയ്ക്കാൻ സഹായിക്കു
ം.ഒരൽപ്പം തേൻ കൂടി ചേർത്തു കഴിച്ചാൽ ചർമ്മത്തിനും
പല്ലിനും ഗുണകരമാണ്.

രമ്യ

# സ്വപ്നം

കഴിഞ്ഞനാളിലെ ഓർമ്മകളൊരു
സ്വപ്നമായ് സ്വപ്നത്തിൽ വീഥിയിൽ
ഒരുപക്ഷിയായ്ഞാൻ
നീയെൻ ജീവനായ്.........
ഓരോ നേരവും നീയെൻ
പ്രാണനും...
ജീവനായ് നീ......
കഴിഞ്ഞ നാളിലെ ഓർമ്മകളൊരു
സ്വപ്നമായ് സ്വപ്നത്തിൻ വീഥിയിൽ
ഒരു പക്ഷിയായ് ഞാൻ

**നന്ദന ബോസ്**

www.DesktopBackground.com

# ബഹിരാകാശത്തിലെ ഇൻഡ്യൻ കുതിപ്പ്

## ചന്ദ്രയാൻ-1

**1999 ൽ ആണ് ചന്ദ്രയാൻ -1 എന്ന ആശയം ഇൻഡ്യയിൽ രൂപം കൊണ്ടത്.2008 ഒക്ടോബർ 22 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് പി എസ് എൽ വി-11 എന്ന വിക്ഷേപണ വാഹനം കുതിച്ചുയർന്ന് 1325 കി.ഗ്രാം ഭാരമുള്ള ചന്ദ്രയാൻ-1എന്ന പേടകവും വഹിച്ചുകൊണ്ടായിരുന്നു.ഭ്രമണപഥം പല തവണകളായി ഉയർത്തിയതിന്റെ ഫലമായി നവമ്പർ 8 ന് ചന്ദ്രയാൻ-1ചന്ദ്രനെ 100 കി.മി അകലത്തിൽ പ്രദക്ഷിണം ചെയ്യുന്ന ഒരു ഭ്രമണപഥത്തിൽ പ്രവേശിച്ചു. താമസിയാതെ നവമ്പർ 14 ന് എം. ഐ. പി( മൂൺ ഇംപാക്റ്റ് പ്രോബ്)എന്ന 29 കി.ഗ്രാം ഭാരമുള്ള ഒരു ചെറിയ വസ്തു മാതൃപേടകത്തിൽ നിന്ന് വേർപ്പെട്ട് ചന്ദ്രോപരിതലത്തിൽ ദക്ഷിണധ്രുവപ്രദേശത്തുള്ള ഷാക്കിൾടൺ ഗർത്തത്തിന് സമീപം പതിച്ചു.**

# നൻമൊഴി

സ്നേഹിക്ക മാതാപിതാക്കളെ നാം
സ്നേഹിക്ക കൂടപ്പിറപ്പുകളെ
സ്നേഹിച്ചീടേണം സഹജരെ നാം
സ്നേഹിക്ക ജീവജാലങ്ങളെയും
സ്നേഹിക്ക നമ്മുടെ മാതൃഭാഷയെ നാം
സ്നേഹിക്ക മാതൃരാജ്യത്തെ നാം
സ്നേഹിക്കയീ പ്രപഞ്ചത്തെ നമ്മൾ
സ്നേഹിക്ക ലോകൈകനാഥനേയും
നന്മകളുള്ളിൽ വളർത്തിടേണം
നൻമൊഴി ചൊല്ലാൻ പഠിച്ചിടേണം
നല്ലതുചെയ്യാനുറച്ചിടേണം
നല്ലവരാവണം നമ്മൾ എന്നും

# ഗാന്ധിജിയുടെ

# വചനങ്ങൾ

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക
നിർമ്മലമായ സ്നേഹത്താൽ നേടാനാവത്തതായി ഒന്നുമില്ല.
ശ്രമത്തിലാണ്,ഫലപ്രാപ്തിയലല്ല സംതൃപ്തി ഉളവാകുന്നത
്.സമ്പൂർണ്ണശ്രമം സമ്പൂർണ്ണ വിജയമാകുന്നു
സമൂഹനൻമ ആഗ്രഹിക്കുന്ന മനുഷ്യൻ സ്വജീവിതം അതിന്
മാതൃകയാക്കണം

തെററുപററാത്തവരായി ആരുമില്ല.സജ്ജനങ്ങൾക്കു പോലും
തെററ് പററാം.സജ്ജനങ്ങൾ എന്ന് അവരെ വിളിക്കുന്നത്
അവർക്കു തെററു പററാത്തത് കൊണ്ടല്ല.മറിച്ച് സ്വയം
തെററുകൾ കണ്ടെത്താനും അവ മറച്ചുവെക്കാതെ തിരുത്താനും
അവർ ശ്രമിക്കുന്നതുകൊണ്ടാണ്

മന:സാക്ഷിയെ ബാധിക്കുന്ന പ്രശ്നത്തിൽ ഭൂരിപക്ഷനിയമത്തിന്
പ്രത്യേക സ്ഥാനമൊന്നുമില്ല.

**കൃഷ്ണപ്രിയ .ബി**

# നാഥൻ

നിന്നെ  പിരിയാൻ കഴിയില്ല  എനിക്ക്
നി എന്റെ ദൈവം
നി എന്റെ നാഥൻ
നി മാത്രമെൻ സ്നേഹിതൻ
ലോകത്തിൽ ബന്ധങ്ങൾ
വേർപിരിഞ്ഞിടുമ്പോൾ
തളരുന്ന ഹൃദയങ്ങൾ
കുട്ടുകാർ തരാത്തസ്നേഹത്താൽ
എന്നെ നാഥൻ
എന്നെന്നും പൊതിഞ്ഞീടുന്ന
എന്റെ  സ്നേഹിതൻ നീ മാത്രമാ
അവനാണന്റ നാഥൻ

നന്ദന ബോസ്

www.DesktopBackground.com



# ഏലൂർ സ്കൂളിന്റെ അഭിമാനതാരങ്ങൾ

നാഷണൽ സ്കൂൾ വെയിറ്റ് ലിഫ്ററിങ്ങ് ചാമ്പ്യൻഷിപ്പിലും ഖേലോ ഇന്ത്യ മത്സരത്തിലും കേരളത്തെ പ്രതിനിധീകരിച്ച

**കൃഷ്ണപ്രിയ ബി.**



# ഏലൂർ സ്കൂളിന്റെ
# അഭിമാനതാരങ്ങൾ

ടെന്നിക്കോയ്റ്റ് നാഷണൽ സ്കൂൾ
ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം
കരസ്ഥമാക്കിയ

## വിക്രം കെ



# Eloor Govt. Higher Secondary School

## 2019 – 2020 അധ്യയനവർഷത്തിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## ഫോൺ : 0484 – 2545440

**Eloor Govt. Higher Secondary School-ൽ**
2018 – 19 അധ്യയനവർഷത്തെ 8,9,10
ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം ക്ലാസ്സുകളിലേക്കുള്ള
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

പാഠ്യവിഷയത്തോടൊപ്പം തന്നെ പാഠ്യേതര വിഷയങ്ങൾക്കും
പ്രാധാന്യം നൽകിവരുന്നു.

### ഈ വിദ്യാലയത്തിന്റെ പ്രത്യേകതകൾ

- 100% വിജയം
- ദേശീയതലമത്സര പരീക്ഷയിൽ മികച്ച വിജയം (NMMS)
- ഹൈടെക് ക്ലാസ്സ് റൂമുകൾ
- വിപുലമായ ലൈബ്രറി
- കമ്പ്യൂട്ടർ ലാബ്
- വിശാലമായ കളിസ്ഥലം
- Communicative English Class
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
- Junior Red Cross
- മാസം തോറും ക്ലാസ്സ് ടെസ്റ്റുകൾ
- Little Kites (Special Computer Training)
- Sports-നും Games-നും പ്രത്യേകം കോച്ചിന്റെ കീഴിൽ പരിശീലനം
  Volley Ball, Foot Ball, Kabaddi, Tennikoit,
  Weight Lifting, Power Lifting, Athletics etc...

### മികവുകൾ

ഈ വർഷം ജില്ലാ സംസ്ഥാനദേശീയ തലങ്ങളിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കി. അവധിക്കാലങ്ങളിലും മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടുകൂടി പരിശീലനം നടത്തിവരുന്നു.


നന്ദി